**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5975** **09-11-2021 - ൽ മറുപടിയ്ക്ക്**

**മാടായി ,വെങ്ങര ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾക്ക് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കണ്ണൂർ ജില്ലയിലെ മാടായി, വെങ്ങര ഗവൺമെന്റ് ഐ.ടി.ഐ.യിൽ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കണ്ണൂർ ജില്ലയിലെ മാടായി ഐ.റ്റി.ഐ.യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 310 ലക്ഷം രൂപ അനുവദിക്കുകയും പൊതുമരാമത്ത് വകുപ്പിനെ നിർമ്മാണ ചുമതല ഏൽപ്പിക്കുകയും നിലവിൽ കെട്ടിട നിർമ്മാണം പുരോഗമിക്കുകയുമാണ്. നിലവിലുള്ള കെട്ടിടത്തിൽ ഇന്റർനെറ്റ് സൗകര്യം സജ്ജമാക്കിയിട്ടുള്ള കമ്പ്യൂട്ടർ ലാബ് ശീതികരിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മാടായി ഐ.റ്റി.ഐ ഹോസ്റ്റൽ കെട്ടിടം പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതോടെ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ